**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5155** **04-07-2024 - ൽ മറുപടിയ്ക്ക്**

**ഭൂപരിഷ്കരണ നിയമത്തിൽ ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂപരിഷ്കരണ നിയമത്തിൽ ഇളവ് ലഭിച്ച തോട്ടഭൂമി മുറിച്ചു വിറ്റ് തരം മാറ്റിയിട്ടുണ്ടെങ്കിൽ ആയത് കണ്ടെത്തി മിച്ചഭൂമിയായി ഏറ്റെടുക്കുന്നതിന് നിയമനിർമ്മാണം നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) | ഇളവ് ലഭിച്ച തോട്ടഭൂമി മുറിച്ച് വിറ്റ് തരം മാറ്റിയിട്ടുണ്ടെങ്കിൽ ആയത് കണ്ടെത്തി മിച്ചഭൂമിയായി ഏറ്റെടുക്കുന്നതിന് നിലവിലെ കേരള ഭൂപരിഷ്കരണ നിയമത്തിൽ തന്നെ വ്യവസ്ഥയുണ്ട്. കേരള ഭൂപരിഷ്കരണ നിയമത്തിലെ വകുപ്പ് 87(1) വിശദീകരണം II ലാണ് ഇക്കാര്യം പ്രതിപാദിക്കുന്നത്. ഇളവ് ലഭിച്ച ഭൂമി തരം മാറ്റിയാൽ ഇളവ് ഇല്ലാതാകുകയും ആയത് ഇളവ് ലഭിച്ച വ്യക്തി ആർജിച്ച ഭൂമിയായി കണക്കാക്കി മിച്ചഭൂമി കേസ് പുനരാരംഭിക്കേണ്ടതാണെന്നുമാണ് പ്രസ്തുത വിശദീകരണം.<br><br>എന്നാൽ ഇത്തരത്തിൽ നിലവിലുള്ള മിച്ചഭൂമി കേസുകൾ പുനരാരംഭിച്ച് ഭൂമി ഏറ്റെടുക്കുന്ന നടപടിക്ക് വലിയ കാലതാമസവും തടസങ്ങളും ഉണ്ടാകുന്ന സാഹചര്യത്തിൽ തരം മാറ്റിയ ഭൂമി സർക്കാരിൽ നിക്ഷിപ്തമാകും എന്ന വ്യവസ്ഥയോടെ ഒരു നിയമ ഭേദഗതിക്ക് 2019-ൽ മന്ത്രിസഭ അംഗീകാരം നൽകിയിരുന്നു. എന്നാൽ പ്രസ്തുത ഭേദഗതി സംബന്ധിച്ച് അഡ്വ.ജനറലിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. |
| (ബി) | ഏതു സാഹചര്യത്തിലാണ് ഇപ്രകാരം ഒരു നിയമനിർമ്മാണം നടത്തുവാൻ സർക്കാർ തീരുമാനിച്ചത് എന്ന് വ്യക്തമാക്കുമോ? | (ബി) | ഇളവ് ലഭിച്ച തോട്ടഭൂമി മുറിച്ച് വിറ്റ് തരം മാറ്റിയിട്ടുണ്ടെങ്കിൽ ആയത് കണ്ടെത്തി മിച്ചഭൂമിയായി ഏറ്റെടുക്കുന്നതിന് നിലവിലെ കേരള ഭൂപരിഷ്കരണ നിയമത്തിൽ തന്നെ വ്യവസ്ഥയുണ്ട്. കേരള ഭൂപരിഷ്കരണ നിയമത്തിലെ വകുപ്പ് 87(1) വിശദീകരണം II ലാണ് ഇക്കാര്യം പ്രതിപാദിക്കുന്നത്. ഇളവ് ലഭിച്ച ഭൂമി തരം മാറ്റിയാൽ ഇളവ് ഇല്ലാതാകുകയും ആയത് ഇളവ് ലഭിച്ച വ്യക്തി ആർജിച്ച ഭൂമിയായി കണക്കാക്കി മിച്ചഭൂമി കേസ് പുനരാരംഭിക്കേണ്ടതാണെന്നുമാണ് പ്രസ്തുത വിശദീകരണം. |

| | | | |
|---|---|---|---|
| | | | എന്നാൽ ഇത്തരത്തിൽ നിലവിലുള്ള മിച്ചഭൂമി കേസുകൾ പുനരാരംഭിച്ച് ഭൂമി ഏറ്റെടുക്കുന്ന നടപടിക്ക് വലിയ കാലതാമസവും തടസങ്ങളും ഉണ്ടാകുന്ന സാഹചര്യത്തിൽ തരം മാറ്റിയ ഭൂമി സർക്കാരിൽ നിക്ഷിപ്തമാകും എന്ന വ്യവസ്ഥയോടെ ഒരു നിയമ ഭേദഗതിക്ക് 2019-ൽ മന്ത്രിസഭ അംഗീകാരം നൽകിയിരുന്നു. എന്നാൽ പ്രസ്തുത ഭേദഗതി സംബന്ധിച്ച് അഡ്വ.ജനറലിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ